(ബി) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവുമായ (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ള) ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ ടിയാൻ മരണപ്പെടുന്ന ദിവസം ടിയാന്റെ വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ മുതൽ തുകയും ടി തുകയുടെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ടിയാന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്.

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള വായ്പ പരിധി നിശ്ചയിച്ചിട്ടില്ല.

സഹകരണ സ്ഥാപനങ്ങളിലെ പൊതുനന്മ ഫണ്ട്

23 (986) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലെല്ലാം പൊതു നന്മ ഫണ്ട് നിലനിൽക്കുന്നുണ്ടോ ;

(ബി) പൊതു നന്മ ഫണ്ട് ഉണ്ടെങ്കിൽ ആയത് ഏതൊക്കെത്തരത്തിൽ വിനിയോഗിക്കാമെന്നതിന് എന്തെങ്കിലും രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ ഉണ്ടോ ?

ഉത്തരം

(എ) ലാഭത്തിലുള്ള സഹകരണ സംഘങ്ങളുടെ അറ്റാദായത്തിന്റെ 10 ശതമാനത്തിൽ കവിയാത്ത തുക പൊതു നന്മ ഫണ്ടിലേക്ക് ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി മാറ്റാവുന്നതാണ്. അത്തരം സംഘങ്ങളിൽ പൊതു നന്മ ഫണ്ട് നിലനിൽക്കുന്നുണ്ട്.

(ബി) പൊതുനന്മ ഫണ്ടിലെ തുക 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് 1890-ലെ 6-ാം കേന്ദ്ര ആക്ടിലെ 2-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ വകുപ്പ് 56 ഉപവകുപ്പ് (2)(ഡി)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്ക്

24 (987) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനക്ഷമമല്ലാതായിട്ട് വർഷങ്ങൾ കഴിഞ്ഞ കൊല്ലം ജില്ലയിലെ ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്കിനെ അതിന്റെ ആസ്തിബാദ്ധ്യതകൾ തിട്ടപ്പെടുത്തി അടുത്തുള്ള മറ്റേതെങ്കിലും സർവ്വീസ് സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത ബാങ്കിന്റെ ആസ്തികൾ നശിച്ചു പോകാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലിക്വിഡേഷനിലുള്ള ചിറക്കരത്താഴം സർവ്വീസ് സഹകരണ ബാങ്കിന്റെ ആസ്തി ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിന് തൊട്ടടുത്തുള്ള ചിറക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ പൊതുയോഗം കൂടി തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത സംബന്ധിച്ച് തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കുകയുണ്ടായില്ല.

(ബി) സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഘത്തിന്റെ ആസ്തികൾ നശിച്ചു പോകാതെ സൂക്ഷിക്കണമെന്ന് ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ സഹകരണ സംഘങ്ങൾ

25 (988) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ആയതുവഴി എത്രപേർക്ക് തൊഴിൽ നൽകാനായി ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ ആകെ 866 സഹകരണ സംഘങ്ങൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇനി പറയുന്നു.

ജില്ല	സംഘങ്ങളുടെ എണ്ണം
തിരുവനന്തപുരം	68
കൊല്ലം	25
ആലപ്പുഴ	35
പത്തനംതിട്ട	16
കോട്ടയം	30
ഇടുക്കി	20
എറണാകുളം	31
തൃശ്ശൂർ	65
പാലക്കാട്	52
മലപ്പുറം	85
കോഴിക്കോട്	84

LIBRARY ARCHIVES Kerala Legislative Assembly